**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2342** **09-02-2023 - ൽ മറുപടിയ്ക്ക്**

**എല്ലാ താലൂക്ക് ആശുപത്രികളിലും വിമുക്തി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | എല്ലാ താലൂക്ക് ആശുപത്രികളിലും, വിമുക്തി പദ്ധതി നടപ്പാക്കുന്നതിനും ആയതിനായി ഒരു യൂണിറ്റ് പ്രത്യേകമായി അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (എ) | വിമുക്തി മിഷന്റെ ഭാഗമായി എല്ലാ ജില്ലകളിലും ആരോഗ്യവകുപ്പുമായി സഹകരിച്ച് ഓരോ ഡി-അഡീക്ഷൻ സെന്റർ പ്രവർത്തിച്ചു വരുന്നുണ്ട്. ജില്ലകളിൽ താലൂക്ക് അടിസ്ഥാനത്തിൽ പുതുതായി രണ്ട് ഡി-അഡീക്ഷൻ സെന്ററുകൾ കൂടി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പുതുക്കാട് താലൂക്ക് ആശുപത്രിയിൽ വിമുക്തി സെന്റർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ജില്ലകളിൽ പുതുതായി രണ്ട് ഡി-അഡിക്ഷൻ സെന്ററുകൾകൂടി ആരംഭിക്കുന്നതിനായി അനുയോജ്യമായ 2 ആശുപത്രികളുടെ വിവരം തൃശ്ശൂർ ജില്ലയിൽ നിന്നും ലഭിച്ചതിൽ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പഴയന്നൂർ വടക്കാഞ്ചേരി, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മുല്ലപ്പള്ളി വാടാനപ്പള്ളി എന്നീ ആശുപത്രികളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇത് സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് ആരോഗ്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ